## എഡിറ്റോറിയൽ

# ദൈവസന്നിധിയിൽ വസിക്കാം

ക്രിസ്തുവിൽ സർവ്വശക്തനായ ദൈവം മനുഷ്യനായി അവതരിച്ചു. കാലിതൊഴുത്തിൽ പിറന്ന യേശുവിൽ "ദൈവം നമ്മോടുകൂടെ" (എമ്മാനുവേൽ) ആയിത്തീർന്നു! ഈ സത്യത്തിന്റെ ആഴമേറിയ സ്വാംശീകരണത്തിലൂടെ ജീവിതം രൂപാന്തരപ്പെടുത്താനും സമ്പന്നമാക്കാനുമുള്ള അനുഗ്യഹീത കാലയളവിലേക്ക്-ആഗമനകാലത്തിലേക്ക് -നാം പ്രവേശിച്ചിരിക്കുകയാണ്.

ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യൻ ദൈവസന്നിധിയിലായി! മനുഷ്യന് തീർത്തും അപ്രാപ്യമായ ദൈവസാന്നിധ്യം ഏറ്റവും പൂർണമായി യാഥാർഥ്യമായി. ദൈവസാന്നിധ്യത്തിന്റെ പരമോന്നത സൗഭാഗ്യത്തിലേക്ക് അവൻ പ്രവേശിച്ചു. "അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തിരഞ്ഞെടുത്തുകൊണ്ടുവരുന്നവൻ ഭാഗ്യവാൻ; ഞങ്ങൾ അങ്ങയുടെ ആലയത്തിലെ, വിശുദ്ധമന്ദിരത്തിലെ, നന്മകൊണ്ടു സംതൃപ്തരാകും" (സങ്കീ 65:4) എന്ന സ്വപ്നം സാക്ഷാത്കൃതമായി.

"ദൈവം നമ്മോടുകൂടെ" ആയിത്തീർന്നതിന്റെ അനിവാര്യഫലം നാം എന്നേക്കുമായി ദൈവത്തോടുകൂടെ ആയിത്തീർന്നു എന്നതാണ്. ഇതെപ്പറ്റിയുള്ള സജീവബോധം നമുക്കില്ലാത്തപ്പോൾ പോലും അത് മാറ്റമില്ലാത്ത യാഥാർഥ്യമായി തുടരുന്നു. സകല സൗഭാഗ്യങ്ങളുടെയും ഉറവിടമായ ദൈവത്തോടുകൂടെയുള്ള വാസമായിത്തീരുന്നതുകൊണ്ട് നമ്മുടെ ജീവിതം നിത്യാനന്ദത്തിന്റേതായിത്തീരുന്നു.

ദൈവവചനം ഇക്കാര്യം പ്രഖ്യാപിക്കുന്നത് ഇപ്രകാരമാണ്: "സിംഹാസനത്തിൽനിന്നും വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടന്ന് അവരോടൊത്തു വസിക്കും അവർ അവിടത്തെ ജനമായിരിക്കുകയും ചെയ്യും" (വെളി 21:3). അവിടത്തെ ജനമായിരിക്കും എന്നതിനർഥം വിശുദ്ധ ജനതയായിത്തീരും എന്നാണ്. അതെ, നമ്മുടെ ജീവിതത്തിന്റെ സന്തോഷം കെടുത്തുന്ന പാപം നീക്കം ചെയ്ത് നമ്മെ ശാശ്വത സന്തോഷത്തിലേക്ക് നയിക്കുന്ന സ്വാതന്ത്ര്യം നല്കാനാണ് "ദൈവം നമ്മോടുകൂടെ" ആയിരിക്കുന്നത്. അതിനാൽ, അവിടത്തെ സന്നിധിയിൽ രാവും പകലും ജീവിക്കാൻ ഭാഗ്യം ലഭിച്ചിരിക്കുന്ന നമ്മുടെ ജീവിതത്തിൽ പാപത്തിനു സ്ഥാനമേയില്ല. കാരണം ദൈവസാന്നിധ്യത്തിന്റെ പരമാനന്ദം നമുക്കുള്ളപ്പോൾ നാം എന്തിനു വിലകുറഞ്ഞ പാപസന്തോഷങ്ങളുടെ പുറകേ പോകണം?

ദൈവത്തിന്റെ സന്നിധിയിൽ വസിക്കുന്നതിന്റെ സുനിശ്ചിതമായ മറ്റൊരു ഫലം ശാശ്വത സമാധാനത്തിൽ നാം ആയിത്തീരും എന്നതാണ്. അസ്വസ്ഥത നിറഞ്ഞ ജീവിതം സ്വസ്ഥമായിത്തീരും. വിലാപം മാറി ആനന്ദം കൈവരും: "അവിടന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും. അവിടന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളി 21:3-4).

ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ ദൈവത്തിൽനിന്ന് സമാശ്വാസം ലഭിക്കുന്നതിനാൽ ജീവിതദുഃഖങ്ങൾ നമ്മെ അലട്ടുന്ന അവസ്ഥയിൽനിന്ന് നാം മോചിതരാകും. മാത്രമല്ല, ദൈവസന്നിധിയിൽ ദുഃഖങ്ങൾ സന്തോഷമായി മാറുകപോലും ചെയ്യും. "യേശു പറഞ്ഞു: ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ, ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല" (യോഹ 16:22).

"ദൈവം നമ്മോടുകൂടെ" എന്നത് സ്വന്തമാക്കിത്തീർക്കാൻ നാം എന്താണ് ചെയ്യേണ്ടത്. ഇസ്രായേൽ ജനത്തിന്റെ മാതൃകയാണ് ഏറ്റവും അനുകരണീയം. മിശിഹായുടെ വരവിനുവേണ്ടി അവർ രാപകൽ കാത്തിരുന്നു. മിശിഹായെപ്പറ്റിയുള്ള പ്രവാചക ലിഖിതങ്ങളുടെ പാരായണത്തിലും പ്രാർഥനയിലും ജീവിതം ചെലവഴിച്ചു. അവസാന പ്രവാചകനായ സ്നാപകനിലൂടെ ഏറ്റവും അടുത്ത ഒരുക്കത്തിന്-മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കൽ-സന്നദ്ധരായി.

25 ദിവസം നോമ്പെടുത്തും പാപഹേതുക്കൾ വർജ്ജിച്ചും പ്രാർഥനയിൽ മുഴുകിയും ദൈവത്തോടുകൂടെ ആകാൻ നമുക്കും ഒരുങ്ങാം.

സ്നേഹത്തോടെ

**ഉപ്പാണിയച്ചൻ**

# ജീവരക്ഷ സുകൃതം
ഡിസംബർ 2018, പുസ്തകം 20, ലക്കം 12






**സ്നേഹശുശ്രൂഷാലയം ധ്യാനകേന്ദ്രം**
സൗത്ത് ചിറ്റൂർ പി. ഒ., കൊച്ചി 682 027
കേരള, ഇന്ത്യ.

ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ഓഫീസ് :
Ph : 91 9446040508, 0484 2432508
Email : mail@chittoordyanakendram.com
Web : www.chittoordyanakendram.com
ജീവരക്ഷ മാസികയുടെ ഓഫീസ് :
Ph : 91 9447690153



**ചീഫ് എഡിറ്റർ :**
ഫാ. ജോസ് ഉപ്പാണി

**മാനേജിംഗ് എഡിറ്റർ :**
ഫാ. ജയ്സൺ കൊളുത്തുവള്ളി

**സബ് എഡിറ്റർ :**
എസ്. വി. ദാസ്

**അഡ്മിനിസ്ട്രേറ്റർ :**
ജോസഫ് സെബാസ്റ്റ്യൻ

**എഡിറ്റോറിയൽ ബോർഡ് :**
ഫാ. വർഗീസ് ഞാളിയത്ത്
എ. പി. പൗലോസ്
കെ. ടി. പൈലി

**സർക്കുലേഷൻ :**
റവ. സി. മൃദുല CPS
ക്ലീറ്റസ് പി. ജെ.

**ഡാറ്റ പ്രോസസ്സിങ്ങ് :**
നിതിൻ കെ. ജെ.

**ലേ ഔട്ട് & ഡിസൈൻ :**
നേച്ചർ ഗ്രാഫിക്സ് &
കവനന്റ് കമ്യൂണിക്കേഷൻസ്


## താളുകളിൽ


5 **വാതിലുകൾ തുറക്കുന്ന ക്രിസ്തുമസ്!**
അഭിലാഷ് ഫ്രേസർ

7 **ക്രിസ്തുമസ് രാത്രിയിൽനിന്ന് 2018–ലേക്ക് ചില പ്രമേയങ്ങൾ**
ബിനു തോമസ്

9 **ആദ്യത്തെ പുൽക്കൂട്**
ഐസക്ക് ചാവറ

12 **പ്രഭമങ്ങിയ ദേവാലയങ്ങളും ശുഭമാകേണ്ട ജീവിതവും**
ഫാ. സുബിൻ കിടങ്ങേൻ

14 **വിശ്വാസവീഥിയിൽ ആത്മനിറവിൽ**
Sr. ഡോണ C.P.S

16 **കടുകുമണിയോളം വിശ്വാസം.....**
ജോർജ് മുരിങ്ങൂർ

18 **വിശ്വാസപ്രഘോഷണവും വിശ്വാസ ജീവിതവും**
Sr. ലെയോൺസ് S.A.B.S

20 **ദൈവമാണ് നമ്മുടെ അഭയം**
മാത്യു പാണ്ടിശ്ശേരിൽ

22 **യേശുക്രിസ്തുവിന്റെ പരിമളം**
Sr. ലീമ രാജൻ C.C.R

25 **പ്രാർഥന**
ഫാ. ഡേവിസ് കാച്ചപ്പിള്ളി

28 **ലോകസുഖങ്ങൾ തരുന്ന അപചയങ്ങൾ**
കെ. ടി പൈലി



# വാതിലുകൾ തുറക്കുന്ന ക്രിസ്തുമസ്!

**വാതിലുകളും വാതിലുകളില്ലാത്ത ഇടങ്ങളും തമ്മിലുള്ള ഒരു സംഘർഷമാണ് ക്രിസ്തുമസ് രാത്രി. സത്രങ്ങൾക്കെല്ലാം ഭദ്രമായ വാതിലുകളുണ്ടായിരുന്നു. ഓരോ സത്രവും കടന്ന് യൗസേപ്പും മേരിയും പരിത്യക്തരെപോലെ സഞ്ചരിച്ചു. അടച്ചുപൂട്ടിയ കെട്ടിടങ്ങളിൽ ദൈവം പിറക്കില്ലയെന്ന് ആദ്യ സന്ദേശം നല്കികൊണ്ടാണ് അവസാനം അവർ വാതിലുകളില്ലാത്ത കാലിത്തൊഴുത്തിൽ എത്തുന്നത്.**




**അഭിലാഷ് ഫ്രേസർ**


എല്ലാ സത്രങ്ങൾക്കും വാതിലുണ്ട്. രാവായാൽ ആ വാതിലുകൾ അടയും, സത്രത്തിൽ തങ്ങുന്നവരുടെ സ്വകാര്യതകൾക്കായി. സത്രങ്ങൾക്കുള്ളിലെ സ്ഥലം എന്നു പറയുന്നതിന് പല അർഥങ്ങളുണ്ടാകാം. വേണമെങ്കിൽ ഇങ്ങനെ ചിന്തിക്കാം; പേരെഴുതിക്കാൻ വേണ്ടി ദൂരെ നിന്നും എത്തിയ ആളുകൾ പലരും ഈ സത്രങ്ങളിൽ മുറി എടുത്തിരിക്കാം. അങ്ങനെ സത്രങ്ങൾ നിറഞ്ഞു പോയതാവാം. മറ്റൊരു സാധ്യത സ്ഥലം എന്ന വാക്കിന്റെ ആപേക്ഷികമായ അർഥമാവാം. രണ്ടുപേർക്ക് താമസിക്കാൻ സത്യത്തിൽ എത്ര മുറിയുള്ള വീടുകൾ വേണം? എന്നാൽ നമ്മുടെ നാട്ടിൽ കെട്ടിപ്പൊക്കുന്ന കുറേ വീടുകളെങ്കിലും നോക്കുക. രണ്ടു പേർ കഷ്ടിച്ചു താമസിക്കാനുണ്ടാകും. എന്നിട്ടും രണ്ടായിരവും മൂവായിരവും സ്ക്വയർ ഫീറ്റുള്ള വീടുകൾ. ഇത്തരം വീടുകളുടെ ഉടമകൾ പലപ്പോഴും വർഷത്തിൽ ഭൂരിഭാഗവും വീട്ടിൽ തന്നെ ഉണ്ടാകണമെന്ന് ഉറപ്പുമില്ല. ഒരു ദ്വീപ് മൊത്തമായൊക്കെ സ്വന്തമാക്കി വയ്ക്കുവരെക്കുറിച്ചെല്ലാം നാം വായിച്ചിട്ടുണ്ടല്ലോ! അപ്പോൾ സ്ഥലം എന്ന്

പറയുന്നത് മനസ്സിന് തൃപ്തി വരുന്നതുവരെ സ്വന്തമാക്കി വയ്ക്കുന്ന ഇടമാണ്. സത്രത്തിൽ സ്ഥലമില്ല എന്നു പറയുമ്പോൾ അതിന് ഇങ്ങനെ ഒരർഥം കൂടിയുണ്ടാവാം. ആരൊക്കെയോ അനുപാതത്തിന് വിരുദ്ധമായി കൈയടക്കി വച്ചിരിക്കുന്ന സ്ഥലം മറ്റ് പലരെയും വഴിയാധാരമാക്കുന്നു! വളരുകയും ജീവിതങ്ങളിലേക്ക് പടർന്നു കയറുകയും ചെയ്യുന്ന കോർപറേറ്റ് ലോകം ഒട്ടേറെ വാതിലുകളുടേതാണ്. സാധാരണക്കാരായ മനുഷ്യനുനേരെ കൊട്ടിയടക്കപ്പെടുന്ന വാതിലുകൾ. അതിനുള്ളിലെ സ്ഥലം എന്നു പറയുന്നത് ആരുടെയൊക്കെയോ അതിവിശാലമായ സ്വച്ഛതയാണ്. അതിൽ ഏറ്റവും സാധാരണക്കാരായ മനുഷ്യർക്ക് എവിടെ ഇടമുണ്ടാകാൻ?

വാതിലുകളും വാതിലുകളില്ലാത്ത ഇടങ്ങളും തമ്മിലുള്ള ഒരു സംഘർഷമാണ് ക്രിസ്തുമസ് രാത്രി. സത്രങ്ങൾക്കെല്ലാം ഭദ്രമായ വാതിലുകളുണ്ടായിരുന്നു. ഓരോ സത്രവും കടന്ന് യൗസേപ്പും മേരിയും പരിത്യക്തരെപോലെ സഞ്ചരിച്ചു. അടച്ചുപൂട്ടിയ കെട്ടിടങ്ങളിൽ ദൈവം പിറക്കില്ലയെന്ന് ആദ്യ സന്ദേശം നല്കികൊണ്ടാണ് അവസാനം അവർ വാതിലുകളില്ലാത്ത കാലിത്തൊഴുത്തിൽ എത്തുന്നത്. ആരും തുറക്കേണ്ട കാര്യമില്ല. ആരും അടക്കുകയുമില്ല. സകലരെയും സ്വാഗതം ചെയ്യുന്ന തുറന്ന ഹൃദയംപോലെ ഒരു പുൽക്കൂടിൽ. അതിനകത്ത് സ്ഥലം എന്നത് ഒരു പ്രശ്നമേയല്ല. ആരും ഭാഗിച്ചെടുക്കാത്ത, ആരും അവകാശം സ്ഥാപിക്കാത്ത നിലത്ത് കന്നുകാലികൾ പരസ്പരം പുണർന്നു കിടന്നു. രക്ഷകന്റെ പിറവിയുടെ സന്ദേശം ആദ്യം എത്തുന്നത് എവിടെയാണ്? ആകാശത്തെയും ചക്രവാളത്തെയും അതിരുകളാക്കി തുറന്നു കിടക്കുന്ന ഒരു പുൽമേട്ടിൽ. മാലാഖ വരുന്ന നേരം ആ ഇടയന്മാർ ആടുകൾക്ക് കാവലിരിക്കുകയായിരുന്നു. തുറന്നു കിടന്നതു കൊണ്ടുതന്നെയാണ് അവർ അരക്ഷിതത്വം അനുഭവിച്ചിരുന്നത്. എന്നിട്ടും അവർ സ്വന്തം സുരക്ഷിതത്വം തേടി പോയില്ല. തുറവികൾക്ക് ചില അരക്ഷിതത്വമൊക്കെയുണ്ട്-കുലീനവും സാഹസികവുമായ അരക്ഷിതത്വം!

തന്നെ എടുക്കാം. അവരും വാതിലുകൾ തുറന്ന് പുറത്തിറങ്ങിപോയവരാണ്. രാത്രിയെന്നോ പകലെന്നോ കാടെന്നോ നാടെന്നോ മലയെന്നോ പുഴയെന്നോ യാത്രാ മാർഗത്തെകുറിച്ച് ചിന്തിക്കാതെ. സത്യത്തിൽ യേശുവിനെ തേടിയുള്ള യാത്ര എന്നു പറയുന്നത് അവരെ സംബന്ധിച്ച് വിശാലതയിലേക്കുള്ള യാത്ര തന്നെയായിരുന്നു. എത്ര ലോകങ്ങളാണ് ആ യാത്രയിൽ അവർ കണ്ടത്. എത്ര സംസ്കാരങ്ങൾ... ഓരോന്നും അവർ സ്വാംശീകരിച്ചു. ഓരോന്നും അവരെ ഓരോ പാഠം പഠിപ്പിച്ചു. ആൽക്കെമിസ്റ്റിലെ സാന്റിയാഗോയെ പോലെ... നിധി തേടിയുള്ള യാത്രയിൽ കാണുന്ന ലോകങ്ങളും അറിയുന്ന പാഠങ്ങളുമുണ്ട്.

വാതിൽ തുറന്നുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ കാരുണ്യ വർഷത്തിന് ഔദ്യോഗികമായി ആരംഭം കുറിച്ചത്. കരുണയുടെ വർഷം അവസാനിപ്പിച്ചത് ആ വാതിൽ വീണ്ടും അടച്ചുകൊണ്ടല്ല എന്നതും ശ്രദ്ധേയമാണ്. അടക്കാനുള്ളതല്ല, ക്രിസ്തീയതയുടെ വാതിലുകൾ.

'ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും...' വാതിൽ തുറക്കുക എന്നത് ബൈബിളിന്റെ നിതാന്ത സന്ദേശമാണ്. യേശുവിന്റെ കല്ലറയുടെ വാതിൽ പോലും മൂന്നാം നാളിൽ തുറന്നാണ് കിടിരുന്നതെന്ന് ഓർക്കുക. വാതിലില്ലാത്ത കാലിത്തൊഴിത്തിൽ ആരംഭിച്ച ജീവിതം വാതിലുകളെല്ലാം തുറന്ന് പ്രപഞ്ചമാകെ പരക്കുകയാണ്!

ക്രിസ്മതുസ് എല്ലാവരുടേതുമാണ്. എല്ലാവർക്കുമുള്ളതാണ്. മാലാഖ പറയുന്ന വാക്ക് ശ്രദ്ധിക്കുക: എല്ലാ ജനത്തിനും വേണ്ടിയുള്ള സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. പലപ്പോഴും നാം ഈ വാക്ക് മറന്നു കളയുന്നു. സകല ജനത്തിനും വേണ്ടിയുള്ള സന്തോഷം നമ്മുടെ സത്രങ്ങൾക്കുള്ളിൽ സ്വകാര്യമാക്കി വയ്ക്കാതിരിക്കട്ടെ, നാം. ക്രിസ്തു അകത്തേക്ക് കടന്നുവരാനും ക്രിസ്തുവിനെ തേടിയെത്തുന്നവർക്കായി നമ്മുടെ ഉള്ളിലെ ക്രിസ്തുവിന്റെ പ്രകാശം പകർന്നു കൊടുക്കാനും വാതിലുകളും ചുവരുകളുമൊന്നും തടസമാകാതിരിക്കട്ടെ!

## സൗഖ്യം



“**ക**ണ്ണീരോടെയാണ് അവർ വരുന്നത്. എന്നാൽ ഞാൻ അവരെ അശ്വസിപ്പിച്ച് നയിക്കും” (ജെറ 31:9). ഞാൻ ഹിന്ദു മതവിശ്വാസ കുടുംബത്തിൽ ജനിച്ചുവളർന്ന ആളാണ്. കഴിഞ്ഞ 25 വർഷങ്ങളായി ഞാൻ കേരള, കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിൽ പലവിധ കുറ്റകൃത്യങ്ങൾ ചെയ്ത് ജയിലുകളിൽ കഴിഞ്ഞിട്ടുണ്ട്. ജയിലുകളിൽവച്ച് യേശുസ്നേഹത്തെപ്പറ്റി അറിയാൻ സാധിക്കുകയും ജയിൽ മോചിതനായശേഷം സ്നേഹതീരം ആശ്രമത്തിൽ യേശുവിനെപ്പറ്റി കൂടുതൽ പഠിച്ച് ജീവിച്ചുപോരുകയും ചെയ്തു. ഞാൻ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിൽ പങ്കെടുക്കുകയും ഇടയ്ക്ക് തിരിച്ചുപോകാൻ വളരെയധികം ശ്രമിക്കുകയും ചെയ്തു. എന്നാൽ അവിടെയുള്ള സുവിശേഷ ക്ലാസുകളിലൂടെ യേശു എന്നിലേക്ക് ഇറങ്ങിവരികയും ദിവ്യകാരുണ്യ ആരാധനയിൽ എന്നെ പരിപൂർണമായി യേശുവിൽ അർപ്പിച്ച് ആരാധിച്ചപ്പോൾ ഒരു വൈദ്യുത പ്രവാഹം പോലെ എന്നിലേക്ക് ഇറങ്ങിവന്ന് 'നീ എന്നിൽ വിശ്വസിക്കുക നിന്നെ ഞാൻ മനുഷ്യരെ പിടിക്കുന്നവനാക്കും' എന്ന് കേൾക്കുകയും ചെയ്തു. ആ നിമിഷം എന്റെ മനസ്സിലെ സകല വിഷമതകളും പാപചിന്താഗതികളും എന്നിൽനിന്നും മാറികിട്ടി. യേശുവേ സ്തോത്രം യേശുവേ നന്ദി.

**കെ. എൽ. ഷൈജു, ഇടുക്കി**

# ക്രിസ്തുമസ് രാത്രിയിൽനിന്ന് 2018-ലേക്ക് ചില പ്രമേയങ്ങൾ

ബിനു തോമസ്

"ഭയപ്പെടേണ്ട ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 10:12).

പിറവിത്തിരുന്നാളിന്റെ സർവസംഗ്രഹമാണ് ലൂക്കാ സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ചെറുപ്പം മുതലേ എല്ലാ ക്രൈസ്തവമക്കളും കേട്ടു തഴമ്പിച്ച വാക്യങ്ങൾ. ഒരുപാടു തവണ കേൾക്കുമ്പോൾ വാക്കുകളുടെ അർത്ഥം മനസ്സിൽനിന്ന് ചോർന്നുപോകുന്നു. മനസ്സിന്റെ അരിപ്പയിൽ അവശേഷിക്കുന്നത് വെറും വാക്കുകളുടെ മട്ടുമാത്രം. നഷ്ടപ്പെട്ടുപോയ അർഥങ്ങളെ അന്വേഷിച്ചറിയാൻ 2018-ലെ പ്രതിസന്ധികൾ നമുക്ക് പ്രേരണയാകട്ടെ. ഓരോ വാക്കും ഓരോ പ്രമേയമായ ഈ വാക്യങ്ങളിലെ രണ്ടുമൂന്ന് പ്രമേയങ്ങൾ മാത്രം ഞാൻ 2018-ന്റെ സഭാപശ്ചാത്തലത്തിൽ പങ്കുവയ്ക്കട്ടെ.

### പിറവി-സന്തോഷത്തിന്റെ സദ്വാർത്ത

ഭാരതസഭയും ആഗോളസഭയും ഇന്ന് വളരെ മ്ലാനമായ ഭാഷയിലാണ് സംസാരിക്കുന്നത്. 'സുവിശേഷത്തിന്റെ സന്തോഷം' എന്ന് ഫ്രാൻസിസ് മാർപാപ്പ ഉദ്ഘോഷിച്ചെങ്കിലും, ആ സന്തോഷം സഭയിൽ കാണപ്പെടുന്നില്ല. കൈവശമുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ട ഒരു പുരാതനമായ തറവാട്ടിലെ അവസാന തലമുറയുടെ ദീർഘനിശ്വാസങ്ങൾ സഭയിൽ നിറയുന്നു. ധാർമികച്യുതി, സാമ്പ



**പിറവിയുടെ അടയാളം പുല്ത്തൊട്ടിയിലെ ശിശുവാണ്. കാപട്യമില്ലാത്ത ശിശു. ആർഭാടങ്ങളില്ലാത്ത ശിശു. ലോകത്തെ സാകൂതം വീക്ഷിക്കുന്ന ശിശു. പിൻ ചരിത്രമില്ലാത്ത ശിശു. എല്ലാം പൂജ്യത്തിൽനിന്ന് തുടങ്ങുന്ന ശിശു.**

ത്തിക വിവാദങ്ങൾ, ഭൗതികതയുടെ കടന്നാക്രമണം-ദുഃഖിക്കാൻ കാരണം നിരവധിയാണ്.

പക്ഷേ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് രാത്രിയിൽ ആടുകളെ മേയിച്ചിരുന്ന ആട്ടിടയന്മാർക്കും തൊഴുത്തിൽ പ്രസവവേദന അനുഭവിച്ച ആ പെൺകുട്ടിക്കും അവളുടെ ഭർത്താവായ തച്ചനും റോമാ സാമ്രാജ്യത്തിന് അധീനമായിരുന്ന അവരുടെ ജനവിഭാഗത്തിനുമൊക്കെയും ദുഃഖിക്കാൻ കാരണങ്ങൾ ഏറെയുണ്ടായിരുന്നു. മ്ലാനതയുടെ കരിമ്പടത്തിനുള്ളിൽ കഴിഞ്ഞവരോടാണ് സന്തോഷത്തിന്റെ സദ്വാർത്ത പ്രഘോഷിക്കപ്പെട്ടത്. പിറവി സംഭവിച്ചത് രാത്രിയുടെ ഇരുട്ടിലാണ്. പകൽ സൂര്യന്റെ തിളക്കത്തിലല്ല.

ദുരിതത്തെക്കുറിച്ചല്ല ഞാൻ ചിന്തിക്കുന്നത്. പക്ഷേ, ഇപ്പോഴുമുള്ള സൗന്ദര്യത്തെപ്പറ്റിയാണ്-ഓഷ്വിറ്റ്സിലെ കൊലക്കളങ്ങൾ മുമ്പിൽ കാണുമ്പോഴും ആൻഫ്രാങ്ക് ഇരുട്ടുമുറിയിലിരുന്ന് തന്റെ ഡയറിയിൽ എഴുതി: ക്രിസ്തുവിൽ വിശ്വസിക്കുന്ന സഭയ്ക്കും ആശങ്കയുടെ രാത്രിയെ മറന്നുകൊണ്ട് സന്തോഷിക്കാൻ സാധിക്കണം. അധാർമികതയും സമ്പത്തും അവിശ്വാസവും ക്രിസ്തുവിന്റെ സഭയെ നശിപ്പിക്കുമെന്ന് ഭയപ്പെടുന്നുണ്ടെങ്കിൽ എന്തിനാണ് ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടത്തെ പിറവിത്തിരുന്നാൾ ആഘോഷിക്കുകയും ചെയ്യുന്നത്. പ്രത്യാശ നഷ്ടപ്പെട്ടവരെപ്പോലെ വിലപിക്കുന്നത് സഭയ്ക്ക് പറഞ്ഞിട്ടുള്ളതല്ല. അവൾ സദ്വാർത്ത നല്കാൻ ജനിച്ചവളാണ്. സന്തോഷിക്കുന്ന സഭയ്ക്കേ ലോകത്തിന് സന്തോഷം പകരാൻ സാധിക്കൂ. പാതിരാവിലെ തൊഴുത്തിലേക്ക് തിരികെപ്പോയാൽ സഭയ്ക്ക് സന്തോഷത്തിന്റെ സദ്വാർത്തത അനുഭവിക്കാൻ സാധിക്കും. അത് ലോകത്തിന് പകർന്നുകൊടുക്കാൻ കഴിയും.

### പിറവി-രക്ഷയുടെ സന്ദേശം

2018-ൽ എന്താണ് സഭയ്ക്ക് നഷ്ടപ്പെട്ടത്. പാരമ്പര്യ മഹിമ! സ്വാധീനം! പ്രതാപം! സത്പേര്! ഒക്കെ നല്ലതുതന്നെ. പക്ഷേ, പിറവിത്തിരുന്നാൾ നല്കിയത് രക്ഷയാണ്. പിറന്നത് രക്ഷകനാണ്. രക്ഷയെന്നത് സ്വന്തം ഭൗതികാനുഗ്രഹങ്ങൾ എന്നു വിചാരിക്കുമ്പോഴാണ് നഷ്ടത്തിന്റെ ദുഃഖവും ഇരുട്ടും നമ്മെ പൊതിയുന്നത്. പ്രളയം തകർത്ത അനേകായിരങ്ങൾക്ക് സഭയും സഭാമക്കളും സ്നേഹത്തിന്റെ രക്ഷ നല്കിയോ! പ്രളയശേഷം പുതിയ വിവാദങ്ങളിലേക്ക് എല്ലാവരും ശ്രദ്ധ തിരിച്ചപ്പോഴും സഭയുടെ സ്നേഹാതുരമായ ആശ്ലേഷം പ്രളയബാധിതർ ഇന്നും അറിയുന്നുണ്ടോ! നന്മയുടെ അരുവി ധാരയായി ഇന്നും സഭയിൽനിന്ന് ഒഴുകുന്നുണ്ടോ? ഉണ്ടെങ്കിൽ പിറവിയുടെ രക്ഷ ഇന്നും തുടരുന്നു. ഇല്ലെങ്കിൽ, ഈ നിമിഷംമുതൽ അത് ആരംഭിക്കേണ്ടിയിരിക്കുന്നു. ആ ധാര വറ്റുന്നുണ്ടെങ്കിൽ, പിറവിത്തിരുന്നാളിലെ മഞ്ഞുത്തുള്ളികൾ ചേർത്തുവച്ച് നനവ് പടർത്തേണ്ടിയിരിക്കുന്നു. രക്ഷയ്ക്ക് അപ്പുറം സഭയ്ക്ക് എന്താണ് അന്വേഷിക്കാനുള്ളത്! രക്ഷയുടെ ചൈതന്യം അല്ലാതെ സഭയ്ക്ക് എന്താണ് നഷ്ടപ്പെടാനുള്ളത്?

ചാൾസ് ഡിക്കൻസിന്റെ ക്രിസ്തുമസ് കരോൾ എന്ന പ്രശസ്തമായ നോവലിൽ പിശുക്കനും മനുഷ്യപ്പറ്റില്ലാത്തവനുമായ എബനസർ സ്ക്രൂജ് എന്നൊരു കഥാപാത്രമുണ്ട്. ഒരു ക്രിസ്തുമസ് രാത്രിയിൽ ഭൂതവും വർത്തമാനവും ഭാവിയും കണ്ണുതുറന്നു കണ്ടപ്പോൾ ലോകരക്ഷകന്റെ പിറവിയുടെ രക്ഷ അയാളെ തേടിവന്നു. അയാൾ ഒരു പുതിയ മനുഷ്യനായി. സഭയുടെ ഭൂതവും വർത്തമാനവും ഭാവിയും ഇന്ന് ഒരു കണ്ണാടിയിലെന്നപോലെ സഭയുടെ മുമ്പിലൂടെ കടന്നുപോകുന്നു. കണ്ണടച്ചുപിടിച്ച് ഉറങ്ങേണ്ട സമയമല്ല. സ്ക്രൂജിനെപ്പോലെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഭൂതങ്ങളെ കാണാൻ കഴിയണം. ആട്ടിടയന്മാരെപ്പോലെ ആകാശത്തിൽ പ്രത്യക്ഷപ്പെടുന്ന മാലാഖമാരെ കാണാൻ സഭയ്ക്ക് കഴിയട്ടെ. കണ്ണുതുറന്ന് കാണുമ്പോൾ, വിചിന്തനം ചെയ്യുമ്പോൾ, ക്രിസ്തുവിന്റെ രക്ഷയുടെ പുതിയൊരു അനുഭവത്തിലേക്ക് സഭയ്ക്ക് കടക്കാൻ സാധിക്കും.

### പിറവി-ശിശുവിന്റെ അടയാളം

പിറവിയുടെ അടയാളം പുല്ത്തൊട്ടിയിലെ ശിശുവാണ്. കാപട്യമില്ലാത്ത ശിശു. ആർഭാടങ്ങളില്ലാത്ത ശിശു. ലോകത്തെ സാകൂതം വീക്ഷിക്കുന്ന ശിശു. പിൻ ചരിത്രമില്ലാത്ത ശിശു. എല്ലാം പൂജ്യത്തിൽനിന്ന് തുടങ്ങുന്ന ശിശു.

മേരിയെപ്പോലെ ഈ ശിശുവിനെ സഭ പൊതിഞ്ഞു പിടിക്കട്ടെ. ജോസഫിനെപ്പോലെ ഈ ശിശുവിനെ ഹൃദയത്തിലേറ്റട്ടെ. സഭയും ഇത്തരമൊരു ശിശുവായി മാറണം. കാപട്യവും ആർഭാടവും ഇല്ലാത്ത ശിശു. ലോകത്തെ മനസ്സിലാക്കുന്ന ശിശു. എല്ലാം പുതുതായി തുടങ്ങുന്ന ശിശു. ചരിത്രത്തിലെ മഹത്വമോ സത്പേരോ ദുഷ്പേരോ പീഡനമോ അധികാരമോ ഒന്നും സഭയുടെ ഇന്നിന്റെ ഔദത്യത്തിന്റെ ശ്രദ്ധ കെടുത്താൻ പാടില്ല. ഓരോ ദിവസവും ഒരു പുതിയ ജന്മമാകണം. ഓരോ ദിവസവും ക്രിസ്തുമസ് ആകണം. ക്രിസ്തുവിന്റെ പാതിരാ കുർബാനകഴിഞ്ഞ് ഇറങ്ങുമ്പോൾ, മനസ്സിൽ നിറയേണ്ടത് മാലാഖമാർ ചൂണ്ടിക്കാണിച്ച ഈ അടയാളമാണ്-ശിശുവിന്റെ അടയാളം.

# ആദ്യത്തെ പുൽക്കൂട്



ഐസക്ക് ചാവറ



**യൗ**സേപ്പും മറിയവും ഒരു യാത്ര പോകുകയാണ്... നേരം പുലർന്നുവരുന്നതേയുള്ളൂ... മഞ്ഞുമൂടിയ അന്തരീക്ഷം... ഇടയ്ക്കിടയ്ക്ക് ചൂളം വിളിച്ചെത്തുന്ന തണുത്ത കാറ്റ്.

മറിയത്തെ യൗസേപ്പ് കഴുതപ്പുറത്ത് കയറ്റിയിരുത്തി... ഒരു കമ്പിളിപ്പുതപ്പെടുത്ത് അവളെ നന്നായി പുതപ്പിച്ചു... ഇടയ്ക്കെങ്ങാനും വിശപ്പുതോന്നിയാൽ കഴിക്കാനായി കുറച്ച് ഉണങ്ങിയ അത്തിപ്പഴവും കുറച്ചു വെള്ളവും അവൻ തന്റെ തോൾ സഞ്ചിയിൽ കരുതിയിട്ടുണ്ട്. ദാവീദിന്റെ പട്ടണമായ ബെത്‌ലഹേമിലേക്ക് അവർ യാത്ര ആരംഭിച്ചു!

മറിയത്തിന്റെ അസ്വസ്ഥത അതേ അളവിൽ യൗസേപ്പ് അറിയുന്നുണ്ട്... മഞ്ഞുകാറ്റ് ശക്തിയായി വീശിത്തുടങ്ങി... സഹനത്തിന്റെ വഴിയിൽ ശക്തി തരണമേയെന്നവൾ കരഞ്ഞു പ്രാർഥിച്ചു. തന്റെ ക്ലേശങ്ങൾക്കും അസ്വസ്ഥതകൾക്കുമപ്പുറം യൗസേപ്പിന്റെ കഷ്ടപ്പാടും പാരവശ്യവും കണ്ട് അവളുടെ കരളുരുകി.

സഹനത്തിലും കഷ്ടപ്പാടിലും ഇല്ലായ്മയിലും മേരിക്ക് പരാതിയില്ല. പുൽക്കൂടുമുതൽ കാൽവരിമലവരെ അവൾക്ക് മനസ്സിൽ തെളിഞ്ഞു കാണാമായിരുന്നു. അതുകൊണ്ടാണ് മറിയം ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ പറയുന്നത് (ലൂക്കാ 2:19).

അതിനുള്ള പരിശീലനം അവളുടെ മാതാപിതാക്കളിൽനിന്നും അവൾക്ക് കിട്ടിയിരുന്നു.

തൊട്ടതിനെല്ലാം മറുപടി പറയാതെയും... ആവലാതി പറയാതെയും... വിധിയെ ശപിക്കാതെയും കുടുംബജീവിതം നരകമാക്കാതെ

**സഹനത്തിലും കഷ്ടപ്പാടിലും ഇല്ലായ്മയിലും മേരിക്ക് പരാതിയില്ല. പുൽക്കൂടുമുതൽ കാൽവരി മലവരെ അവൾക്ക് മനസ്സിൽ തെളിഞ്ഞു കാണാമായിരുന്നു. അതുകൊണ്ടാണ് മറിയം ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചു കൊണ്ടിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ പറയുന്നത്**

നോക്കിയവളാണ് മറിയം...

ഒടുവിൽ ബെത്‌ലഹേമിലെത്തിയപ്പോഴേയ്ക്കും രാത്രിയായിരുന്നു... ശക്തമായ തണുപ്പും മഞ്ഞും മൂലമായിരിക്കാം സത്രങ്ങളെല്ലാം നേരത്തെതന്നെ അടഞ്ഞിരുന്നു... പല വാതിലുകളും യൗസേപ്പ് മുട്ടിവിളിച്ചു... ഒന്നും തുറന്നില്ല. ഹൃദയം നുറുങ്ങുന്ന വേദനയോടെ അവൻ മറിയത്തിന്റെ മുഖത്തേക്ക് നോക്കി... അവളാകെ വിയർത്തിരിക്കുന്നു... വേദനയാൽ അവൾ പുളയുന്നു... യൗസേപ്പിന്റെ അകമൊന്ന് കത്തി... തൊട്ടടുത്ത് കണ്ട കാലിത്തൊഴുത്തിലേക്ക് മറിയത്തെ താങ്ങി അവൻ നടന്നു.

കാലിത്തൊഴുത്തിന്റെ ഒരു ഒഴിഞ്ഞ കോണിലേക്ക് വൈക്കോൽ കൂമ്പാരത്തിൽനിന്നും കുറേയെടുത്ത് യൗസേപ്പ് അവൾക്കായി ഒരു ശയ്യയുണ്ടാക്കി. അവൻ പുതച്ചിരുന്ന പുതപ്പെടുത്ത് വൈക്കോലിന് മുകളിൽ വിരിച്ചു; മറിയത്തെ അതിൽ കിടത്തി.

ആ കാലിത്തൊഴുത്തിൽ കിടന്നുകൊണ്ട് മറിയം പ്രസവിച്ചു... ദൈവം മനുഷ്യസമനാകുകയും മനുഷ്യൻ ദൈവസമനാകുകയും ചെയ്തിരിക്കുന്നു. പാവപ്പെട്ടവരുടെയും നിർമ്മല ഹൃദയരുടെയും നിഷ്കളങ്കരുടെയും ആശ്രയ ഹീനരുടെയും സ്നേഹിതനായി... രക്ഷകനായി ഇതാ അവൻ പിറന്നിരിക്കുന്നു. ലോകത്തിന്റെ പാപങ്ങൾ നീക്കാൻ ജന്മമെടുത്ത ദൈവപുത്രൻ ഇതാ കാലിത്തൊഴുത്തിൽ... കന്നുകാലികളുടെ ഇടയിൽ... കീറത്തുണിയും പുതച്ചു കിടന്നുകൊണ്ട് കൈകാലിട്ടടിക്കുന്നു. പുൽക്കുടിലിന്റെ നെറുകയിൽനിന്നുകൊണ്ട് ദൈവദൂതന്മാർ പാടി: അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം.

അതെ, ലോകനാഥന്റെ ജന്മവാർത്ത അറിയിക്കാൻ മാലാഖമാർ പോയത് സന്മനസ്സുള്ളവരുടെ അടുത്തേയ്ക്കായിരുന്നു. യൂദയാ മലഞ്ചരുവുകളിൽ ആടുകളെ തീറ്റിനടന്ന പാവം ആട്ടിടയരുടെ പക്കലേയ്ക്ക്. നിഷ്കളങ്കരായ ഒരുവനായ്... നിങ്ങളെപ്പോലെ സന്മനസ്സുള്ളവർക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. കാലിത്തൊഴുത്തിലേക്ക് ഓടിയെത്തിയ ആട്ടിടയന്മാർ ആ ദിവ്യപൈതലിനെ കൺകുളിർക്കെ കണ്ടു. ഇതാ അവൻ ഞങ്ങളെപ്പോലെ കന്നുകാലികളുടെ ഇടയിൽ കിടക്കുന്നു. അവർ സന്തോഷത്താൽ തുള്ളിച്ചാടി.

അകലെ പെട്ടെന്നൊരു നക്ഷത്രം രൂപമെടുത്തു... രക്ഷകനെ ചൂണ്ടിക്കാണിക്കാനായി മാത്രം ജന്മമെടുത്ത ഒരു നക്ഷത്രം... രക്ഷകനെ പ്രതി മാത്രം ജ്വലിച്ച ഒരു നക്ഷത്രം. അത് പതുക്കെ ചലിച്ചു തുടങ്ങി. ഒടുവിൽ പുല്ക്കൂടിനു മുകളിൽ അത് നിന്നു. ആ ഉഷ:കാല നക്ഷത്രത്തിന്റെ വെളിച്ചത്തിൽ കുറേ ജ്ഞാനികൾ അവിടെ എത്തിയിരിക്കുന്നു.

ജ്ഞാനികൾ അകത്തുകയറി നോക്കുമ്പോൾ അതാ വൈക്കോലിൽ കിടക്കുന്ന ദൈവപുത്രൻ... ചുറ്റും കന്നുകാലികൾ. ആഹ്ലാദത്തോടെ ആ കുഞ്ഞിനെ നോക്കി കൈകൾകൂപ്പി നില്ക്കുന്ന ആട്ടിടയന്മാർ... ജ്ഞാനികൾ ശിശുവിനെ അമ്മയായ മറിയത്തോടൊപ്പം കാണുകയും ആരാധിക്കുകയും ചെയ്തു. അവർ കൊണ്ടുവന്ന സമ്മാനങ്ങൾ ആ കുഞ്ഞിളം പാദത്തിങ്കൽ അവർ കാഴ്ച്ചയായ് സമർപ്പിച്ചു.

പുല്ക്കൂട്ടിലെ വൈക്കോൽപുറത്ത് കിടക്കുന്ന ഉണ്ണിയേശു... ആ ദിവ്യരക്ഷകനുചുറ്റും വിടർന്ന കണ്ണുകളോടെ... കൈകൾകൂപ്പി ദിവ്യമായ ആരാധനയോടെ യൗസേപ്പും മറിയവും ആട്ടിയന്മാരും ജ്ഞാനികളും... അതേ ആ പുല്ക്കൂട് ഒരു ആരാധനാലയമായി മാറുകയായിരുന്നു. ഒപ്പം ആ കാലിത്തൊഴുത്തൊരു പുല്ക്കൂടായി മാറുകയായിരുന്നു... ലോകത്തിലെ ആദ്യത്തെ പുല്ക്കൂട്.

**സൗഖ്യം**



എന്റെ കണ്ണിന് 3 മാസമായി തിമിരത്തിന്റെ അസുഖമായിരുന്നു. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞിരുന്നു. എന്നാൽ ഞാൻ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ എല്ലാ വെള്ളിയാഴ്ച്ചയുമുള്ള ഏകദിന ഉപവാസപ്രാർഥനയിൽ പങ്കെടുത്ത് പ്രാർഥിക്കുകയും പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയിലെ വെള്ളമുപയോഗിച്ച് വിശ്വാസപൂർവം കണ്ണ് കഴുകുകയും ചെയ്തതിന്റെ ഫലമായി എന്റെ കണ്ണിലെ തിമിരം മാറികിട്ടി. രണ്ടാമത് ടെസ്റ്റ് ചെയ്തപ്പോൾ ഓപ്പറേഷൻ ആവശ്യമില്ലെന്ന് അറിയാനും സാധിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**സിസിലി, വടുതല**

## സൗഖ്യം



ആഗസ്റ്റ് മാസത്തിലെ പ്രളയത്തിനുശേഷം വീട് വൃത്തിയാക്കുമ്പോൾ ഞാൻ ടെറസിൽനിന്ന് വീഴുകയും നട്ടെല്ലിന് ഗുരുതരമായ പരിക്കേല്ക്കുയും ഇടുപ്പിലെ എല്ല് പൊട്ടുകയും ചെയ്തിരുന്നു. 3 മാസം എന്നോട് കിടന്ന് വിശ്രമിക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചിരുന്നു. ശേഷം ഞാൻ ഡോക്ടറെ സമീപിച്ചപ്പോൾ കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലയെന്നാണ് അറിയാൻ സാധിച്ചത്. എപ്പോഴും ബെൽറ്റ് ധരിക്കണമെന്നും ഡോക്ടർ പറഞ്ഞു. മാത്രമല്ല, ആരുടെയെങ്കിലും സഹായം കൂടാതെ നടക്കാനും സാധിക്കില്ലായിരുന്നു. ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആദ്യ ദിവസങ്ങളിൽ കട്ടിലിൽ കിടന്നുകൊണ്ടാണ് ഞാൻ വചനം കേട്ടിരുന്നത്. രണ്ടാം ദിവസത്തെ ആരാധനയുടെ സമയം എനിക്ക് ചെറിയ മാറ്റം അനുഭവപ്പെടുകയും ആരുടെയും സഹായമില്ലാതെ ബെൽറ്റ് ധരിച്ചുകൊണ്ട് നടക്കാൻ സാധിക്കുകയും ചെയ്തു. അതിനുശേഷം വളരെയധികം ഒരുക്കത്തോടെ ഞാൻ കുമ്പസാരിച്ചു. ശേഷം പരിശുദ്ധാത്മാഭിഷേക ആരാധനയുടെ സമയം ഞാൻ ബെൽറ്റ് ഊരിമാറ്റി ആരുടെയും സഹായം കൂടാതെ നടന്ന് ദിവ്യകാരുണ്യ ഈശോയുടെ പക്കലെത്താൻ സാധിക്കുകയും സന്തോഷത്താൽ നൃത്തമാടി ഈശോയെ ആരാധിക്കാനും സാധിച്ചു. ഇത്ര വലിയ അനുഗ്രഹം എന്റെമേൽ ചൊരിഞ്ഞ ഈശോയ്ക്ക് ഒരായിരം നന്ദി.

**ബെൻസൻ ഗോൺസാൽവസ്**


# ക്രിസ്തുമസ് അവധിക്കാല ആന്തരികസൗഖ്യ ധ്യാനം

## 2018



**ഡിസംബർ 19 ബുധൻ വൈകിട്ട് 5 മുതൽ**
**24 തിങ്കൾ രാവിലെ 8 വരെ.**



ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ

# മരിയൻ ധ്യാനം

(3 ദിവസത്തെ വളർച്ചാ ധ്യാനം)

**2019 ജനുവരി 10 വ്യാഴാഴ്ച വൈകുന്നേരം**
**6 മണി മുതൽ**
**13 ഞായറാഴ്ച്ച ഉച്ചക്ക് 2 മണി വരെ**